# സൗജന്യ ഭക്ഷണ വിതരണവുമായി 'വിശ്വാസ്'



▶ വിശ്വാസിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ഉച്ചഭക്ഷണം നൽകുന്ന പദ്ധതി കളക്ടർ മൃൺമയി ജോഷി ഉദ്ഘാടനംചെയ്യുന്നു

**പാലക്കാട് ▸** ലോക്ഡൗൺ വേളയിൽ കോവിഡ് രോഗികൾക്കും നഗരത്തിലുള്ളവർക്കും വിശ്വാസ് സംഘടനയുടെ ആഭിമുഖ്യത്തിൽ സൗജന്യ ഉച്ചഭക്ഷണം വിതരണംചെയ്യും. പദ്ധതിയുടെ ഉദ്ഘാടനം കളക്ടർ മൃൺമയി ജോഷി നിർവഹിച്ചു.

ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റിന്റെയും വിശ്വാസ് അംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ട്രാൻസ്ജെൻഡർ വിഭാഗക്കാർ നടത്തുന്ന സിവിൽ സ്റ്റേഷനിലെ ഒരുമ കാന്റീനാണ് ഭക്ഷണം തയ്യാറാക്കുന്നത്. പരിപാടിയിൽ വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ബി. ജയരാജൻ, വിശ്വാസ് വൊളന്റിയർ എം. മനോജ്, എസ്. രമേശ്, സുജേഷ് എന്നിവർ പങ്കെടുത്തു.

തുടർന്നുള്ള ദിവസങ്ങളിൽ നഗരസഭയുടെ പുനരധിവാസ ക്യാമ്പുകളിലും നഗരത്തിലെ കോവിഡ് രോഗികൾക്കും സന്നദ്ധപ്രവർത്തകർ മുഖേന ഉച്ചഭക്ഷണമെത്തിക്കും.